**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഗുരുവായൂർ നഗരസഭാ സെക്രട്ടറി ശ്രീ. രഘുരാമൻ ഗുരുവായൂർ ടൗണിന്റെ വികസന ആവശ്യത്തിന് ഫണ്ട് ലഭ്യമാക്കുന്നതിന് ബഹു. പ്രധാനമന്ത്രിക്ക് നേരിട്ട് കത്തയച്ച നടപടിക്ക് ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി കർശന താക്കീത് നൽകി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

======================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2470/2016/തസഭവ. തീയതി, തിരുവനന്തപുരം, 18.08.2016.

======================================================================

**പരാമർശം :**
1) ഗുരുവായൂർ നഗരസഭാ സെക്രട്ടറി ശ്രീ. രഘുരാമൻ ബഹു. പ്രധാനമന്ത്രിക്കയച്ച 01.11.2014 തീയതിയിലെ കത്ത്.
2) ബഹു. പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നും ലഭിച്ച 26.12.2014 തീയതിയിലെ PMO/PMP/14/00058527 നമ്പർ കത്ത്.
3) ഗുരുവായൂർ നഗരസഭാ സെക്രട്ടറി ശ്രീ. രഘുരാമന് നൽകിയ 17.03.2015 തീയതിയിലെ 6430/ഇയു1/15/തസ്വഭവ. നമ്പർ കുറ്റപത്രം.
4) ശ്രീ. രഘുരാമൻ, സെക്രട്ടറി, ഗുരുവായൂർ നഗരസഭ സമർപ്പിച്ച 04.05.2015 തീയതിയിലെ പ്രതിവാദ പത്രിക.
5) നഗരകാര്യ ഡയറക്ടറുടെ 19.08.2015 തീയതിയിലെ വി2-7156/2015 നമ്പർ കത്ത്.
6) 06.10.2015 തീയതിയിലെ സ.ഉ. (സാധാ) നം. 3070/15/തസ്വഭവ.
7) കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടറുടെ 19.03.2016 തീയതിയിലെ ജി5/2691/15 നമ്പർ കത്ത്.

**ഉത്തരവ്**

ഗുരുവായൂർ നഗരസഭാ സെക്രട്ടറി ശ്രീ. രഘുരാമൻ ഗുരുവായൂർ ടൗണിന്റെ വികസന ആവശ്യത്തിന് ഫണ്ട് ലഭ്യമാക്കുന്നതിന് ബഹു. പ്രധാനമന്ത്രിക്ക് ഒന്നാം പരാമർശിത കത്ത് പ്രകാരം നേരിട്ട് കത്തയയ്ക്കുകയും ആയത് അനുയോജ്യമായ നടപടിക്കായി കേരള സർക്കാരിന് ബഹു. പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നും രണ്ടാം പരാമർശിത കത്ത് പ്രകാരം തിരിച്ചയയ്ക്കുകയുമുണ്ടായി. കേന്ദ്ര സർക്കാരിനോ കേരള സർക്കാരിനോ നേരിട്ട് കത്തയയ്ക്കാൻ മുനിസിപ്പൽ സെക്രട്ടറിക്ക് ചട്ടപ്രകാരം അനുവാദമില്ലെന്നിരിക്കെ ശ്രീ. രഘുരാമന്റെ നടപടി സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നതിനാൽ

ടിയാനെതിരെ KCS(CC&A) Rules 1960, ചട്ടം 15 പ്രകാരം കടുത്ത ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം (3) പ്രകാരം കുറ്റപത്രം നൽകുകയുമുണ്ടായി. ശ്രീ. രഘുരാമൻ സമർപ്പിച്ച പരാമർശം (4) ലെ പ്രതിവാദ പത്രികയിൽ, ഗുരുവായൂരിനെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കി 'HRIDAY' (Heritage City Development and Augmentation Yojana) പദ്ധതിയിൽ ഉൾപ്പെടുത്താൻ കൗൺസിൽ തീരുമാനത്തോടെ സംസ്ഥാന സർക്കാർ മുഖേന കേന്ദ്ര സർക്കാരിനെഴുതാൻ നഗരസഭാ ചെയർമാന് കുറിപ്പ് നൽകിയ താൻ ചെയർമാന്റെ നിർദ്ദേശത്തിന്റെയും ഗുരുവായൂർ നഗരത്തോടുള്ള തീവ്രമായ സ്നേഹത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമാണ് തീർത്തും സദുദ്ദേശപരമായി പ്രധാനമന്ത്രിക്ക് കത്തെഴുതിയതെന്നും ഇത് സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാണെന്ന് അറിവില്ലാത്തതാണെന്നും സംസ്ഥാന സിവിൽ സർവ്വീസിൽ 10 വർഷം പൂർത്തിയാക്കുന്ന താനിതുവരെ ഇത്തരത്തിൽ പ്രവർത്തിച്ചിട്ടില്ലെന്നും ഇനി ഇത്തരത്തിൽ സംഭവിക്കില്ലെന്നും ഇക്കാരണങ്ങളാൽ മെമ്മോയിന്മേലുള്ള നടപടികൾ അവസാനിപ്പിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി. എന്നാൽ ബഹു. പ്രധാന മന്ത്രിക്ക് നേരിട്ട് കത്തയച്ച നടപടി 1960 ലെ Kerala Government Servants Conduct Rules-ലെ Rule 94 ന്റെ ലംഘനമാണെന്ന് കണ്ട് ടിയാന് കടുത്ത ശിക്ഷ നൽകുന്നതിന് നഗരകാര്യ ഡയറക്ടർ പരാമർശം (5) പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ അന്വേഷണം നടത്തുന്നതിന് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറെ പരാമർശം (6) പ്രകാരം സർക്കാർ ചുമതലപ്പെടുത്തുകയുണ്ടായി.

2) സർക്കാരിന്റെ മെമ്മോയ്ക്കുള്ള വിശദീകരണത്തിൽ പറഞ്ഞ കാര്യങ്ങൾ തന്നെയാണ് മൊഴിയിലും ശ്രീ.രഘുരാമൻ വിശദീകരിച്ചതെന്നും 04.11.2013 മുതൽ ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായി പ്രവർത്തിക്കുന്ന ടിയാന് ഗുരുവായൂരിന്റെ വികസനം മാത്രമായിരുന്നു ലക്ഷ്യമെന്നും കാലതാമസം ഒഴിവാക്കി എത്രയും വേഗം പ്രധാനമന്ത്രിക്ക് നേരിട്ട് അപേക്ഷ നൽകിയാൽ ഗുരുവായൂരിന് ഫണ്ട് കിട്ടാൻ എല്ലാ സാദ്ധ്യതകളുമുണ്ടെന്ന ചെയർമാന്റെയും മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരുടെയും അംഗങ്ങളുടെയും നിർദ്ദേശവും പ്രോത്സാഹനവും മൂലമാണ് കത്തെഴുതാൻ തീരുമാനിച്ചതെന്നും ഈ നടപടികൾ പിന്നീട് കൗൺസിൽ സാധൂകരിച്ചിട്ടുള്ളതാണെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ പരാമർശം 7-ലെ അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രിക്ക് നേരിട്ട് കത്തയയ്ക്കുന്നത് സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാണെന്ന കാര്യം അറിയാത്തതും കത്തയയ്ക്കുന്നതിന് കാരണമായി ശ്രീ. രഘുരാമൻ വിശദീകരിക്കുകയുണ്ടായെന്നും ടി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

3) നവംബർ 2010 മുതൽ നവംബർ 2014 വരെ ഗുരുവായൂർ നഗരസഭാ ചെയർമാനായിരുന്ന ശ്രീ.റ്റി.റ്റി. ശിവദാസിന്റെ മൊഴിയിൽ കേന്ദ്രസർക്കാരിന്റെ, പ്രത്യേകിച്ചും പ്രധാനമന്ത്രിയുടെ, ഒരു 'Flagship'

പ്രോഗ്രാമായ 'HRIDAY' ൽ ഗുരുവായൂരിനെ കൂടി ഉൾപ്പെടുത്തുന്നതിന് കൗൺസിൽ തീരുമാനത്തോടെ സംസ്ഥാന സർക്കാർ മുഖാന്തിരം പ്രധാനമന്ത്രിക്കു സാംസ്ക്കാരിക മന്ത്രാലയത്തിനും എഴുതുന്നത് ഉചിതമായിരിക്കുമെന്ന സെക്രട്ടറിയുടെ റിപ്പോർട്ടിൽ കാലതാമസം ഒഴിവാക്കുന്നതിന് വിശദമായ റിപ്പോർട്ടോടെ പ്രധാനമന്ത്രിക്ക് കത്തെഴുതുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ള താണെന്നും ഇപ്രകാരം നേരിട്ട് കത്തെഴുതുന്നതിലെ അനൗചിത്യം സംബന്ധിച്ച് ടിയാന് അറിവില്ലാത്തതും അപ്രകാരം ആരും ടിയാനെ ഉപദേശിച്ചിട്ടില്ലാത്തതുമാണെന്നും ടിയാൻ രാജി വച്ചതിനുശേഷം 23.04.2015 ലെ കൗൺസിലിൽ കത്തയച്ച നടപടി സാധൂകരിച്ചിട്ടുണ്ടെന്ന് അറിയിച്ചതായും അന്വേഷണ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്.

4) ഗുരുവായൂർ നഗരസഭാ ഓഫീസിൽ ഇത് സംബന്ധിച്ച ഫയലുകൾ ഒന്നും തന്നെ കണ്ടെത്തുവാൻ സാധിച്ചില്ലെന്നും പ്രധാനമന്ത്രിക്ക് അയച്ച കത്തിലും, കൗൺസിൽ തീരുമാനത്തിന് സമർപ്പിച്ച നോട്ടിലും ഒന്നും തന്നെ ഫയൽ നമ്പർ, സെക്ഷൻ നമ്പർ ഒന്നും തന്നെ രേഖപ്പെടുത്തിയിരുന്നില്ലെന്നും ഇപ്രകാരം ഓഫീസ് സംവിധാനം പൂർണ്ണമായും ഒഴിവാക്കി വ്യക്തിപരമായ രീതിയിലാണ് സെക്രട്ടറിയും, ചെയർമാനും ഈ വിഷയം കൈകാര്യം ചെയ്തതെന്നും മറിച്ച് നിയമപ്രകാരം സെക്ഷനിൽ ഫയൽ ഒറിജിനേറ്റ് ചെയ്തിരുന്നുവെങ്കിൽ പല ലെവലിൽ ഉദ്യോഗസ്ഥർ പരിശോധിക്കുന്നതിനും ഇപ്രകാരം നേരിട്ട് പ്രധാനമന്ത്രിയുടെ പേരിൽ കത്തെഴുതുന്നതിലെ അനൗചിത്യം ചൂണ്ടിക്കാട്ടുകയും ചെയ്യുമായിരുന്നു വെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രധാനമന്ത്രിയുടെ പേരിൽ നേരിട്ട് കത്തയച്ചുവെന്ന കാര്യം ശ്രീ. രഘുരാമൻ സമ്മതിച്ചിട്ടുള്ളതും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതുമാണെന്നും കത്ത് അയച്ചു എന്ന കാര്യം സർക്കാരിന്റെ മെമ്മോയ്ക്ക് നൽകിയ മറുപടിയിലും, ഇപ്പോഴത്തെ അന്വേഷണത്തിലും ശ്രീ. രഘുരാമൻ അംഗീകരിച്ചിട്ടുള്ള താണെന്നും നിയമം അറിയില്ല എന്ന വാദം അംഗീകരിക്കാൻ കഴിയുകയില്ലെന്നും ആയതിനാൽ പ്രധാനമന്ത്രിക്ക് നേരിട്ട് കത്തയച്ച നടപടി 1960 ലെ Kerala Government Servants Conduct Rules ന്റെ ലംഘനമാണ് എന്ന് അന്വേഷണത്തിൽ ബോധ്യമായിട്ടുള്ളതായും എന്നാൽ ഇപ്രകാരം പ്രധാനമന്ത്രിയ്ക്ക് നേരിട്ട് കത്തയച്ചിന്റെ പിറകിൽ ഗുരുവായൂരിന് ഫണ്ട് ലഭിക്കുക എന്നതല്ലാതെ മറ്റെന്തെങ്കിലും ദുരുദ്ദേശം ഉള്ളതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടില്ലെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ. രഘുരാമൻ നിയമ ബിരുദധാരിയായ ഒരു ഉദ്യോഗസ്ഥനാണ്. നിയമം അറിയാത്തതുകൊണ്ടാണ് കത്തയച്ചത് എന്ന ടിയാന്റെ വാദം അംഗീകരിക്കാൻ സാധിക്കുകയില്ല. എന്നാൽ പ്രധാനമന്ത്രിക്ക് കത്തയച്ചതിൽ ദുരുദ്ദേശം ഉള്ളതായി അന്വേഷണ ഉദ്യോഗസ്ഥന് കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ, ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായ ശ്രീ. രഘുരാമനെതിരെ ആരംഭിച്ച അച്ചടക്ക നടപടി, ടിയാന് ലഘു ശിക്ഷയായ 'സെൻഷർ' നൽകിയും ഭാവിയിൽ

ഇത്തരം കൃത്യവിലോപം ഉണ്ടാകരുതെന്ന കർശന താക്കീത് നൽകിയും തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രമേശൻ. എം.കെ.,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), തൃശൂർ
ശ്രീ. രഘുരാമൻ, സെക്രട്ടറി, ഗുരുവായൂർ നഗരസഭ.
റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊച്ചി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**